11438
10/11/20

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ 195 ഓവർസീയർ ഗ്രേഡ് III തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

G.O.(Ms) No.173/2020/LSGD    തീയതി,തിരുവനന്തപുരം, 05/11/2020

---

പരാമർശം:- 1 സ. ഉ. (കൈ) നം.12/2019/തസ്വഭവ തീയതി 31.01.2019.

2 തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 22.10.2020, 28.10.2020 എന്നി തീയതികളിലെ ഇ8-2210/2015/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

ഉത്തരവ്

ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ എഞ്ചിനീയറിംഗ് സംവിധാനം വിപുലപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നും ഗ്രാമപഞ്ചായത്തുകൾക്ക് ഓരോ അസി. എഞ്ചിനീയർമാരുടെയും രണ്ട് ഓവർസീയർ മാരുടെയും പൂർണ്ണ സമയ സേവനം ലഭ്യമായാൽ മാത്രമേ പ്രവൃത്തികൾ സമയബന്ധിതമായ കാര്യക്ഷമതയോടെ നടപ്പാക്കുവാൻ സാധിക്കുകയുള്ളൂയെന്നും ആയതിനാൽ 195 അസി.എഞ്ചിനീയർമാരുടെയും ആനുപാതികമായി 195 ഓവർസീയർമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി. ഇതെത്തുടർന്ന്, ഒരു അസി.എഞ്ചിനീയരുടെ സേവനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കു ന്നതിനുമായി തസ്വഭവ എഞ്ചി. വിഭാഗത്തിൽ 195 അസി.എഞ്ചിനീയർ തസ്തികകൾ പരാമർശം (1) ഉത്തരവ് പ്രകാരം സൃഷ്ടിച്ചു.

2. എന്നാൽ, ഗ്രാമപഞ്ചായത്തുകളിൽ പുതുതായുള്ള 195 തസ്തികകളിലെ അസിസ്റ്റന്റ് എഞ്ചിനീയരെ സാങ്കേതിക ജോലികളിൽ സഹായിക്കുന്നതിനായി ആവശ്യത്തിന് ഓവർസീയർമാർ ഇല്ലാത്തത് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. നിലവിൽ 941 ഗ്രാമ പഞ്ചായത്തുകളിൽ 551 എണ്ണത്തിൽ രണ്ട് ഓവർസീയർമാരുടെ പൂർണ്ണമായ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 390 ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ 2 പഞ്ചായത്തിന് 3 ഓവർസീയർ എന്ന തോതിലാണ് നിശ്ചയിച്ചിട്ടുള്ളത്. അതായത് ഒരു ഗ്രാമപഞ്ചായത്തിന് ഒന്നര ഓവർസീയർ എന്ന തോതിൽ. ഇത് 2008-ൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ച സമയത്ത് വിട്ടുകിട്ടിയ തസ്തികകൾ അനുസരിച്ച് തയ്യാറാക്കിയ കേഡർ സ്ട്രെങ്ത് ആണ്. താഴെപ്പറയുന്ന ബഹുവിധങ്ങളായ പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ഇപ്പോൾ നടത്തുന്നത്.

3. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടക്കുന്ന പദ്ധതികളടക്കം കേരളത്തിലെ വിവിധ ജില്ലകളിൽ നടത്തി വരുന്നുണ്ട്. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലുമായി ഏകദേശം 1000 കോടി രൂപയുടെ മരാമത്ത് പണികളാണ് ചെയ്തുവരുന്നത്. ഇതിലൊക്കെ ഉപരിയായി കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാനമാകെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളും, വിവിധ വകുപ്പുകളുമായി സഹകരിച്ച് അനുബന്ധ പ്രവൃത്തികളും നടത്തുന്നതിന് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ നിർമ്മാണം/അറ്റകുറ്റ പണികൾ, പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം, ഇപ്പോഴത്തെ മഹാമാരിയുമായി ബന്ധപ്പെട്ട പരിഹാര പ്രവർത്തനങ്ങൾ എന്നിവയെല്ലാം കാര്യക്ഷമമായി നിർവഹിക്കുന്നതിന് ഓരോ പഞ്ചായത്തുകളിലും ഏറ്റവും കുറഞ്ഞത് 2 ഓവർസീയർമാരെങ്കിലും അത്യന്താ പേക്ഷിതമാണ് എന്നത് കൂടാതെ വിസ്തൃതിയും വാർഡുകളുടെ എണ്ണവും കൂടിയ പഞ്ചായത്തുകളിൽ കുറഞ്ഞത് 3 ഓവർസീയർമാരെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഇപ്പോൾ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ മേൽ വിവരിച്ച പദ്ധതികൾ സമയബന്ധിതമായും ഗുണമേന്മ ഉറപ്പ് വരുത്തിയും പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിലെ ഗ്രാമപഞ്ചായത്തുകളിൽ മതിയായ എണ്ണം ഓവർസീയർമാർ ഇല്ലാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആകെയുള്ള ഓവർസീയർ തസ്തികകളിൽ 941 ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന് ലഭ്യമായിട്ടുള്ളത് 1696 തസ്തികകളാണ്. കേരളത്തിൽ 941 പഞ്ചായത്തുകളിൽ 40

സ്ക്വ. കി. മീറ്റർ കൂടുതൽ വിസ്തൃതിയും, 25,000 അധികം ജനസംഖ്യയും, 23 എണ്ണം വാർഡുകളും ഉള്ള 17 ഗ്രാമ പഞ്ചായത്തുകളിൽ 3 വീതവും, 10 സ്ക്വ. കി. മീറ്റർ കറവ് വിസ്തൃതിയും, 13 വാർഡുകളുമുള്ള 8 ഗ്രാമപഞ്ചായത്തുകളിൽ 1 വീതവും, ബാക്കി വരുന്ന 916 ഗ്രാമപഞ്ചായത്തുകളിൽ 2 വീതവും ഓവർസിയർമാരെ വിന്യസിക്കുവാൻ 1891 തസ്തികകൾ ആവശ്യമാണ്. അതായത് ഇപ്പോൾ പഞ്ചായത്തുകളിൽ വിന്യസിക്കുവാൻ ലഭ്യമായിട്ടുള്ള 1696 തസ്തികകൾക്ക് പുറമെ 195 ഓവർസിയർ തസ്തികകളുടെ കറവുണ്ട്. മേൽ വിവരിച്ച വസ്തുതകൾ പരിഗണിച്ച്, ഓവർസിയർമാരുടെ പ്രസ്തുത കറവ് പരിഹരിക്കുന്നതിനായി 195 അധിക തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കേണ്ടതുണ്ട്.

5. മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലെ തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ, 2020 ഡിസംബർ വരെ അപ്പോയ്മെന്റ് ഓർഡർ നൽകുവാൻ പാടില്ല എന്ന വ്യവസ്ഥയിൽ, 195 ഓവർസീയർ ഗ്രേഡ് III തസ്തികകൾ പുതുതായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓവർസീയർമാരുടെ നിയമനത്തിനായുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പായി ഒഴിവുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ് :

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
4. ബന്ധപ്പെട്ട എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
5. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
7. പൊതുഭരണ(എസ്.സി) വകുപ്പ്( *ഇനം നമ്പർ 4306 തീയതി 04.11.2020)*
8. ധനകാര്യ വകുപ്പ് ( *10.10.2020-ലെ 1251189 ഡെവ.1 168 2019 ധന പ്രകാരം)*
9. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
*(മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പിന്റെയും 04.11.2020-ലെ മന്ത്രിസഭ യോഗത്തി ന്റെ നടപടി കുറിപ്പിന്റെയും (ഇനം 4306) പകർപ്പ് സഹിതം)*
10. എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
11. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2020.11.06 16:27:43 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-11-2020

ഫയൽ നം. ഇ.ഡബ്ല്യൂ.3/265/2019/തസ്വഭവ. ഇനം നം: 4306

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസീയർ ഗ്രേഡ് III തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. സംസ്ഥാനത്തിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലെ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതു പ്രകാരം 2020 ഡിസംബർ വരെ അപ്പോയ്മെന്റ് ഓർഡർ നൽകുവാൻ പാടില്ല എന്ന വ്യവസ്ഥയിൽ 195 ഓവർസീയർ തസ്തികകൾ സൃഷ്ടിക്കുവാനും, ഓവർസീയർമാരുടെ നിയമനത്തിനായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പായി ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ-ഫയൽ നമ്പർ. ഇ.ഡബ്യു3/265/2019/തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയം ഭരണ(ഇ.ഡബ്യു.എ) വകുപ്പ് |
| 3 | വിഷയം | : | തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഓവർസീയർ ഗ്രേഡ് III തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 19.10.2020 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii). ആണെങ്കിൽ ധനവകുപ്പമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിജുക്കുട്ടൻ. എം.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.10.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.10.2020 |
| 12 | കുറിപ്പ് അംഗീകരിച്ച് മന്ത്രിയുടെ പേര് | : | ശ്രീ. എ.സി. മൊയ്തീൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02.11.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 02.11.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ 195 പുതിയ ഓവർസീയർ ഗ്രേഡ് III തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ എഞ്ചിനീയറിംഗ് സംവിധാനം തികച്ചും അപര്യാപ്തമാണെന്നും ഗ്രാമപഞ്ചായത്തുകൾക്ക് ഓരോ അസി. എഞ്ചിനീയർമാരുടെയും രണ്ട് ഓവർസീയർമാരുടെയും പൂർണ്ണ സമയ സേവനം ലഭ്യമായാൽ മാത്രമേ പ്രവൃത്തികൾ സമയബന്ധിതമായ കാര്യക്ഷമതയോടെ നടപ്പാക്കുവാൻ സാധിക്കുകയുള്ളൂയെന്നും ആയതിനാൽ 195 അസി.എഞ്ചിനീയർമാരുടെയും ആനുപാതികമായി 195 ഓവർസീയർമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് തസ്വഭവ ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി. ഇതെത്തുടർന്ന് ഒരു അസി.എഞ്ചിനീയരുടെ സേവനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുമായി തസ്വഭവ എഞ്ചി. വിഭാഗത്തിൽ 195 അസി.എഞ്ചിനീയർ തസ്തികകൾ 31.01.2019 ലെ സ.ഉ(കൈ)നം.12/2019/തസ്വഭവ പ്രകാരം സൃഷ്ടിച്ചു.

3. ഗ്രാമപഞ്ചായത്തുകളിൽ പുതുതായി 195 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിച്ചെങ്കിലും, ഇവരെ സാങ്കേതിക ജോലികളിൽ സഹായിക്കുന്നതിനായി ആവശ്യത്തിന് ഓവർസിയർമാർ ഇല്ലാത്തത് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. നിലവിൽ 941 ഗ്രാമ പഞ്ചായത്തുകളിൽ 551 എണ്ണത്തിൽ രണ്ട് ഓവർസീയർമാരുടെ പൂർണ്ണമായ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 390 ക്ലസ്റ്റർ ഗ്രാമപഞ്ചായത്തുകളിൽ 2 പഞ്ചായത്തിന് 3 ഓവർസിയർ എന്ന തോതിലാണ് നിശ്ചയിച്ചിട്ടുള്ളത്. അതായത് ഒരു ഗ്രാമപഞ്ചായത്തിന് ഒന്നര ഓവർസിയർ എന്ന തോതിൽ. ഇത് 2008-ൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ച സമയത്ത് വിട്ടുകിട്ടിയ തസ്തികകൾ അനുസരിച്ച് തയ്യാറാക്കിയ കേഡർ സ്ട്രെങ്ത് ആണ്. താഴെപ്പറയുന്ന ബഹുവിധങ്ങളായ പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ഇപ്പോൾ നടത്തുന്നത്.

4. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടക്കുന്ന പദ്ധതികളടക്കം കേരളത്തിലെ വിവിധ ജില്ലകളിൽ നടത്തി വരുന്നുണ്ട്. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ 141 നിയോജകമണ്ഡലങ്ങളിലുമായി ഏകദേശം 1000 കോടി രൂപയുടെ മരാമത്ത് പണികളാണ് ചെയ്തുവരുന്നത്. ഇതിലൊക്കെ ഉപരിയായി കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാനമാകെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളും, വിവിധ വകുപ്പുകളുമായി സഹകരിച്ച് അനുബന്ധ പ്രവൃത്തികളും നടത്തുന്നതിന് തദ്ദേശസ്വയംഭരണ

എഞ്ചിനീയറിംഗ് വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ നിർമ്മാണം/അറ്റകുറ്റ പണികൾ, പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം, ഇപ്പോഴത്തെ മഹാമാരിയുമായി ബന്ധപ്പെട്ട പരിഹാര പ്രവർത്തനങ്ങൾ എന്നിവയെല്ലാം കാര്യക്ഷമമായി നിർവഹിക്കുന്നതിന് ഓരോ പഞ്ചായത്തുകളിലും ഏറ്റവും കുറഞ്ഞത് 2 ഓവർസിയർമാരെങ്കിലും അത്യന്താപേക്ഷിതമാണ് എന്നത് കൂടാതെ വിസ്തൃതിയും വാർഡുകളുടെ എണ്ണവും കൂടിയ പഞ്ചായത്തുകളിൽ കുറഞ്ഞത് 3 ഓവർസിയർ-മാരെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഇപ്പോൾ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ മേൽ വിവരിച്ച പദ്ധതികൾ സമയബന്ധിതമായും ഗുണമേന്മ ഉറപ്പ് വരുത്തിയും പൂർത്തിയാക്കുവാൻ കഴിയുകയുള്ളു. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിലെ ഗ്രാമപഞ്ചായത്തുകളിൽ മതിയായ എണ്ണം ഓവർസിയർമാർ ഇല്ലാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

5. തസ്വഭവ എഞ്ചിനിയറിംഗ് വിഭാഗത്തിലെ ഓവർസീയർ തസ്തികകളുടെ കേഡർ സ്ട്രെങ്ത് ചുവടെ ചേർക്കുന്നു :

i. ഓവർസീയർ ഗ്രേഡ് I - 875

ii. ഓവർസീയർ ഗ്രേഡ് II - 820

iii. ഓവർസീയർ ഗ്രേഡ് III - 1225

തദ്ദേശ സ്വയംഭരണ വകുപ്പിന് കിഴിൽ ഓവർസീയർ തസ്തിക തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിൽ മാത്രം നിലനിൽക്കുന്നതിനാൽ, തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിലെ മറ്റ് വകുപ്പുകളിൽ നിന്നുള്ള പ്രസ്തുത തസ്തികകളുടെ പുനർവിന്യാസത്തിന് യാതൊരു സാധ്യതയുമില്ല. ആകെയുള്ള ഓവർസിയർ തസ്തികകളിൽ 941 ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന് ലഭ്യമായിട്ടുള്ളത് 1696 തസ്തികകളാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ കേരളത്തിൽ 941 പഞ്ചായത്തുകളിൽ 40 സ്ക്വ. കി. മീറ്റർ കൂടുതൽ വിസ്തീതിയും, 25,000 അധികം ജനസംഖ്യയും, 23 എണ്ണം വാർഡുകളും ഉള്ള 17 ഗ്രാമ പഞ്ചായത്തുകളിൽ 3 വീതവും, 10 സ്ക്വ. കി. മീറ്റർ കുറവ് വിസ്തൃതിയും, 13 വാർഡുകളുമുള്ള 8 ഗ്രാമപഞ്ചായത്തുകളിൽ 1 വീതവും, ബാക്കി വരുന്ന 916 ഗ്രാമപഞ്ചായത്തുകളിൽ 2 വീതവും ഓവർസിയർമാരെ വിന്യസിക്കുവാൻ 1891 തസ്തികകൾ ആവശ്യമാണ്. അതായത് ഇപ്പോൾ പഞ്ചായത്തുകളിൽ വിന്യസിക്കുവാൻ ലഭ്യമായിട്ടുള്ള 1696 തസ്തികകൾക്ക് പുറമെ 195 ഓവർസിയർ തസ്തികകളുടെ കുറവ് ഉണ്ട്. 195 ഓവർസീയർ തസ്തികകൾ സൃഷ്ടിക്കുന്ന വകയിലെ വാർഷിക സാമ്പത്തിക ബാദ്ധ്യത ഏകദേശം 5.78 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്.

6. 195 ഓവർസിയർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ധനകാര്യവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

"2020 ഡിസംബർ വരെ അപ്പോയ്മെന്റ് ഓർഡർ നൽകുവാൻ പാടില്ല എന്ന വ്യവസ്ഥയിൽ 195 ഓവർസീയർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഭരണ വകുപ്പ് ശുപാർശക്ക് അംഗീകാരം നൽകുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"

7. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

സംസ്ഥാനത്തിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കന്നതിന് ഗ്രാമ പഞ്ചായത്തുകളിലെ തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം 2020 ഡിസംബർ വരെ അപ്പോയ്മെന്റ് ഓർഡർ നൽകുവാൻ പാടില്ല എന്ന വ്യവസ്ഥയിൽ 195 ഓവർസീയർ തസ്തികൾ സൃഷ്ടിക്കാമോ ?

# NOTE FOR THE COUNCIL OF MINISTERS

This note relates to the creation of 195 new posts of Overseer Gr III in LSGD Engineering Wing.

2. The staff strength of Engineering Wing in Grama Panchayaths is insufficient to take on the enormous public work activities being undertaken by the Grama Panchayath. Time bound and effective implementation of the projects are possible only if the service of one Assistant Engineer and two Overseers each are exclusive provided to a Grama Panchayath . Accordingly, the Chief Engineer, Local Self Govt Dept had recommended for the creation of 195 new posts of Assistant Engineer and proportionately 195 posts of Overseer Gr III in Grama Panchayaths. As such, 195 posts of Asst.Engineer have been created so as to make available the service of one each Asst.Engineer in all Grama Panchayaths and also to speed up the flood related reconstruction activities, vide GO(Ms)no.12/2019/LSGD dated 31.01.2019.

3. Though 195 new post of Asst.Engineers were created, lack of sufficient Overseers for supporting them in technical works is adversely affecting the functioning of the LSGD Engineering Wing. At present, the service of two Overseers have been provided to 551 Grama Panchayaths out of the total 941 Grama Panchayaths. For the remaining 390 cluster Grama Panchayaths, 3 Overseers in 2 Panchayaths has been fixed. That means, one and half Overseer post exists for one Grama Panchayath. This staff strength had been created in 2008 at the time of formation of LSGD Engineering Wing with the posts obtained by way of redeployment. As one post of Asst.Engineer each has been created in all Grama Panchayaths, the service of two Overseer each is to be proportionately provided. A wide variety of public works are being done in LSGD Engineering Wing at present, as mentioned below:

4. Flood related reconstruction activities are being done in different districts in the state. Some of these are done under Rebuild Kerala Initiative. Public Works worth around 1000 Crores related to Chief Ministers Local Road Repair Project are being done in 141 Assembly constituencies across the state. Besides all these, the LSGD Engineering Wing has been entrusted with undertaking various construction activities throughout the state related to Covid 19 pandemic and other related works in coordination with other departments. For the effective implementation of construction/maintenance works of Panchayath roads, flood related reconstruction activities, and the remedial

activities related to present Covid- 19 pandemic, at least two Overseers are essential in each Grama Panchayaths. Besides these, for ensuring the quality based and time bound completion of the works including the flood related reconstruction activities in Grama Panchayaths having large number of wards and area are possible only if, at least three Overseers are there in these Panchayaths. Insufficient number of Overseers is creating crisis in Grama Panchayath in LSGD Engg Wing.

5. The cadre strength of Asst.Engineers and Overseers in the LSGD Engineering Wing are as follow:

i. Asst.Engineer - 1296

ii. Overseer Gr I - 875

iii. Overseer Gr II - 820

iv. Overseer Gr III - 1225

As the Overseer post under LSGD exist only in LSGD Engineering Wing there is no scope of re-deployment of these posts from other wings of LSGD. Of the total Overseer posts, 1696 posts of Overseer have been obtained for deployment in 941 Grama Panchayaths. In the circumstances, 1891 posts of Overseers are essential for deployment in 941 Grama Panchayaths, with 3 Overseers each in 17 Grama Panchayaths, having population more than 25,000, area more than 40 Sq.Km and 23 wards, one Overseer each in the 8 Grama Panchayaths having population less than 17,000, area less than 10 Sq.Km, and 2 Overseers each in the remaining 916 Grama Panchayaths. That means, there is a shortage of 195 Overseer posts in addition to 1696 posts obtained for deployment in Grama Panchayath. Approximate annual financial commitment on account of creating these 195 Overseer posts would be Rs 5.78 Crores.

6. On the creation of 195 Overseer Gr III posts the Finance Department remarked as follows:

" 2020 ഡിസംബർ വരെ അപ്പോയ്മെന്റ് ഓർഡർ നൽകുവാൻ പാടില്ല എന്ന വ്യവസ്ഥയിൽ 195 ഓവർസീയർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഭരണ വകുപ്പ് ശുപാർശക്ക് അംഗീകാരം നൽകുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

7. The Hon' ble Chief Minister has ordered to place this matter before the Council of Ministers.

## Points for decision.

Whether 195 posts of Overseer Gr III in Grama Panchayaths in LSGD Engineering Wing may be created to speed up the rebuilding activities in the state on condition that appointment order shall not be issued till December 2020 as concurred by the Finance Department ?